സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ജീവനക്കാര്യം – ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ 2025 ലെ പൊതു സ്ഥലം മാറ്റം – സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ ROC.No. 5600/25/Est.1(i) തിരുവനന്തപുരം 01/07/2025

---

പരാമർശം :- 03/06/2025 ൽ ചേർന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ മിനിറ്റ്സ്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്കുള്ള പോസ്റ്റ് അപ്ഗ്രഡേഷൻ, വിരമിക്കൽ എന്നിവയെ തുടർന്ന് മൂന്ന് ഒഴിവുകൾ ഉണ്ടായിട്ടുള്ളതാണ്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ 2025 ലെ സെലക്ട് ലിസ്റ്റ് ലഭിച്ചിട്ടുള്ളതാണ് (പരാമർശം).

പ്രസ്തുത സെലക്ട് ലിസ്റ്റടങ്ങുന്ന മിനിറ്റ്സിൽ ശ്രീ. എം. ജി. മധുവിനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിരിക്കുന്നതിനാൽ ആയത് തീർപ്പാക്കുന്നതിന് വിധേയമായി ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് പ്രൊവിഷണലായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ അടങ്ങുന്ന സെലക്ട് ലിസ്റ്റ് 30/06/2025 തീയതിയിൽ ROC.No. 245/09/Est.1/DPC നമ്പർ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ വിവരിച്ച ഒഴിവുകൾ നികത്തുന്ന കാര്യവും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും സംബന്ധിച്ചും ബോർഡ് വിശദമായി ചർച്ച ചെയ്തു.

ആയതിൻ പ്രകാരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ ഉദ്യോഗസ്ഥരുടെ 2025 ലെ പൊതു സ്ഥലംമാറ്റം, ടി കേഡറിലേക്കുള്ള സ്ഥാനക്കയറ്റം എന്നിവ ചുവടെ വിവരിക്കും പ്രകാരം അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

## I. സ്ഥലം മാറ്റം : ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡർ.

താഴെ പറയുന്ന ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ ഉദ്യോഗസ്ഥരെ ചുവടെ പറയും പ്രകാരം സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു.

| ക്രം. നം | പേര്, നിലവിൽ ജോലി നോക്കുന്ന തസ്തിക, ഓഫീസ് | സ്ഥലം മാറ്റം നൽകുന്ന തസ്തിക, ഓഫീസ് |
|---|---|---|
| 1. | ശ്രീ. പി. ദിലീപ് കുമാർ<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>ഹരിപ്പാട്. | ഡയറക്ടർ,<br>സാംസ്കാരിക പുരാവസ്തു വിഭാഗം. |
| 2. | ശ്രീ. ജയറാം പരമേശ്വരൻ<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>തിരുവനന്തപുരം. | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>ഹൈക്കോർട്ട് ആഡിറ്റ് സെക്ഷൻ<br>ബോർഡ് ഓഫീസ്. |
| 3. | ശ്രീ. ബി. മുരാരി ബാബു<br>എക്സിക്യൂട്ടീവ് ഓഫീസർ,<br>ശബരിമല. | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>ഹരിപ്പാട്. |
| 4. | ശ്രീ. പി. എൻ. ഗണേശ്വരൻ പോറ്റി<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>ഹൈക്കോർട്ട് ആഡിറ്റ് സെക്ഷൻ<br>ബോർഡ് ഓഫീസ്. | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>ഫിനാൻസ് ആന്റ് ഇൻസ്പെക്ഷൻ<br>ബോർഡ് ഓഫീസ്. |
| 5. | ശ്രീമതി. ബി. ദീപ<br>ദേവസ്വം അക്കൗണ്ട്സ് ഓഫീസർ. | തുടരാൻ അനുവദിക്കുന്നു. |
| 6. | ശ്രീമതി. കെ. ഉഷാകുമാരി,<br>ഫൈനാൻസ് & അക്കൗണ്ട്സ് ഓഫീസർ | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>തിരുവനന്തപുരം. |
| 7. | ശ്രീമതി. കെ. ഇന്ദുകുമാരി<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>പി & എസ്. ജി. ആർ. സി<br>ദേവസ്വം കമ്മീഷണർ ഓഫീസ്. | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>(അഡ്മിനിസ്ട്രേഷൻ)<br>ദേവസ്വം കമ്മീഷണർ ഓഫീസ്. |
| 8. | ശ്രീമതി. കെ. ആർ. ശ്രീലത<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>വൈക്കം. | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>പി & എസ്. ജി. ആർ. സി<br>ദേവസ്വം കമ്മീഷണർ ഓഫീസ്. |
| 9. | ശ്രീ. എൻ. ശ്രീധര ശർമ്മ<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>പത്തനംതിട്ട. | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>വൈക്കം. |

## II. സ്ഥാനക്കയറ്റം : ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡർ.

താഴെ പറയുന്ന അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് 95600-153200 രൂപ ശമ്പള സ്കെയിലിൽ സ്ഥാനകയറ്റം നൽകി നിയമിക്കുന്നു.

| ക്ര. ന | പേര്, നിലവിൽ ജോലി നോക്കുന്ന തസ്തിക, ഓഫീസ് | സ്ഥലം മാറ്റം നൽകുന്ന തസ്തിക, ഓഫീസ് |
|---|---|---|
| 1. | ശ്രീ. എം. ജി. മധു<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ<br>വൈക്കം ഗ്രൂപ്പ്. | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>(പ്രൊവിഷണൽ)<br>ഡിജിറ്റൈസേഷൻ വിഭാഗം<br>ബോർഡ് ഓഫീസ് |
| 2. | ശ്രീ. ജി. മുരളീധരൻ പിള്ള<br>വിജിലൻസ് ഓഫീസർ<br>സൗത്ത് സോൺ, തിരുവനന്തപുരം. | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>പത്തനംതിട്ട. |
| 3. | ശ്രീ. എസ്. പി. പ്രജിത് കുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി<br>എ സെക്ഷൻ, ബോർഡ് ഓഫീസ്. | ഫൈനാൻസ്& അക്കൗണ്ട്സ് ഓഫീസർ |

ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച ഉത്തരവ് ബഹു. ഹൈക്കോടതിയുടെ അനുമതി ലഭിച്ചശേഷം പുറപ്പെടുവിക്കുന്നതാണ്.

മേൽ വിവരിച്ച നിയമനങ്ങൾ ഉത്തരവു തീയതി മുതൽ പ്രാബല്യത്തിലായിരിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)
സെക്രട്ടറി

പകർപ്പ്

1. എല്ലാ ഡിപ്പാർട്ടുമെന്റ്/ ഓഫീസ് മേധാവികൾക്കും
2. ഐ.റ്റി ഡിവിഷൻ(പ്രസിദ്ധീകരണത്തിന്)
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK